എച്ച്.2/35637/2014/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി 10.07.2014.

## സർക്കുലർ

വിഷയം:- പൊ.വി. – തസ്തിക നിർണയം 2014–15 സംബന്ധിച്ച്.

സൂചന:-
1. 01.10.2011 ലെ ജി.ഒ(പി) നമ്പർ 199/2011/പൊ.വി.വ.
2. 29.11.2013 ലെ ജി.ഒ(പി) നമ്പർ 313/2013/പൊ.വി.വ.
3. 04.07.2014 ലെ സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നമ്പർ 124/2014/പൊ.വി.വ.

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 2014–15 വർഷത്തെ തസ്തിക നിർണയം നടത്തുന്നതിനുള്ള മാർഗനിർദേശങ്ങൾ സൂചന മൂന്നിലെ ഉത്തരവ് വഴി സർക്കാർ പുറപ്പെടുവിച്ചുകഴിഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ സ്കൂളുകളുടെയും തസ്തിക നിർണയ ഉത്തരവുകൾ (2014–15) 2014 ജൂലൈ 15 നുള്ളിൽ തന്നെ പ്രസിദ്ധീകരിക്കാൻ എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ താഴെപ്പറയുന്ന നിർദേശങ്ങൾകൂടി പുറപ്പെടുവിക്കുന്നു.

1. സൂചന 3–ലെ ഉത്തരവ് വഴി 2010–11–ലെ തസ്തിക നിർണയം 2013–14 വർഷത്തേക്കു കൂടി ബാധകമാക്കിയിട്ടുണ്ട്. ആയതിനാൽ 2011–12, 2012–13, 2013–14 വർഷങ്ങളിലെ തസ്തിക നിർണയം ഇനി ചെയ്യേണ്ടതില്ല. തസ്തിക നിർണയ ഉത്തരവിൽ മുൻ വർഷത്തെ ഡിവിഷനുകളുടെയും തസ്തികകളുടെയും വിവരങ്ങൾ രേഖപ്പെടുത്തേണ്ട സ്ഥാനത്ത് 2010–11 –ലെ എണ്ണം രേഖപ്പെടുത്തിയാൽ മതിയാകും.

2. 2014–15 വർഷത്തെ ആറാം സാധ്യായ ദിനത്തിലെ കുട്ടികളുടെ എണ്ണത്തെ ആധാരമാക്കി 1:45 അധ്യാപക–വിദ്യാർഥി അനുപാതത്തിലാണ് ഈ വർഷം തസ്തികകൾ അനുവദിക്കേണ്ടത്. 'ആറാം സാധ്യായ ദിനത്തിലെ കുട്ടികളുടെ എണ്ണം' എന്നതുകൊണ്ട് അർഥമാക്കുന്നത് 2014–15 ലെ 'ആറാം സാധ്യായ ദിനത്തിലെ കുട്ടികളുടെ യു.ഐ.ഡി/ഇ.ഐ.ഡി സ്ട്രെങ്ക്ത്' എന്നതാണ്. യു.ഐ.ഡി/ഇ.ഐ.ഡി നമ്പർ പിന്നീട് ലഭിച്ചതാണെങ്കിൽ പോലും ആറാം സാധ്യായ ദിനത്തിൽ കുട്ടി റോളിലുണ്ടായിരുന്നാൽ തസ്തിക നിർണയത്തിന് കണക്കിലെടുക്കാം. ഭിന്നശേഷിയുള്ള കുട്ടികളും ഈ വർഷത്തെ പുതിയ അഡ്മിഷനും ഉൾപ്പെടെ വളരെക്കുറച്ച് കുട്ടികൾക്കാണ് സംസ്ഥാനത്ത് ഇനിയും യു.ഐ.ഡി/ഇ.ഐ.ഡി നമ്പർ ലഭിക്കാനുള്ളത്. ഇത്തരം കുട്ടികളുടെ നിജസ്ഥിതി സംബന്ധിച്ച് ക്ലാസ്ടീച്ചർ ഒപ്പിട്ട്, പ്രഥമാധ്യാപിക മേലൊപ്പ് പതിച്ച വ്യക്തമായ ഡിക്ലറേഷൻ ഉണ്ടെങ്കിൽ (കുട്ടിയുടെ പേര്, അഡ്മിഷൻ നമ്പർ, ക്ലാസ്, ഡിവിഷൻ, ജനനത്തീയതി, രക്ഷിതാവിന്റെ പേര്, മേൽവിലാസം തുടങ്ങിയ വിവരങ്ങൾ ഡിക്ലറേഷനിൽ ഉണ്ടായിരിക്കണം) അവരെയും

തസ്തിക നിർണയത്തിന് കണക്കിലെടുക്കാം. (ക്ലാസ്തല ലിസ്റ്റുകൾ പ്രഥമാധ്യാപകർ ക്രോഡീകരിച്ചും നൽകിയിരിക്കണം).

'സമ്പൂർണ' സോഫ്റ്റ്വെയറിൽ നിന്ന് പ്രഥമാധ്യാപകൻ പ്രിന്റൗട്ട് എടുത്തു സമർപ്പിക്കുന്ന സ്കൂൾ കൺസോളിഡേഷൻ പ്രൊഫോർമ, 6th Working Day Report, Class & Division wise Report (ഇത് ആറാം സാധ്യായ ദിനത്തിൽ ഓരോ ക്ലാസ് ഡിവിഷനിലും റോളിലുള്ള വിദ്യാർഥികളുടെ വിശദാംശങ്ങളടങ്ങിയ ലിസ്റ്റാണ്) എന്നീ രേഖകളിലൂടെ ആറാം പ്രവൃത്തിദിനത്തിലെ കുട്ടികളുടെ ശരിയായ എണ്ണം ലഭിക്കും. ഇതിന്റെ ആധികാരികത മുൻപ് പ്രഥമാധ്യാപകൻ സമർപ്പിച്ചിട്ടുള്ള 6th working day strength ന്റെ മാന്വൽ കോപ്പിയുമായി ഒത്തുനോക്കി ബോധ്യപ്പെടണം. 'സമ്പൂർണ'യിൽ നിന്നുള്ള പ്രിന്റൗട്ടുകളിൽ പ്രഥമാധ്യാപകന്റെയും മാനേജരുടെയും കൂടാതെ Class wise Report ൽ ബന്ധപ്പെട്ട ക്ലാസ്ടീച്ചറിന്റെയും ഒപ്പുകൾ ഉണ്ടായിരിക്കണം.

3. വ്യക്തിഗത മാനേജുമെന്റുകളുടെയും കോർപ്പറേറ്റ് മാനേജുമെന്റുകളുടെയും ഉടമസ്ഥതയിലുള്ള എയ്ഡഡ് സ്കൂളുകളിൽ 2010–11 വർഷത്തിൽ അനുവദിച്ച തസ്തികകളിൽ നിയമനാംഗീകാരത്തോടെ തുടരുന്ന അധ്യാപകർക്ക് 2014–15 ലെ തസ്തിക നിർണയം മൂലം തസ്തിക നഷ്ടമായാൽ അവരെ നിലനിർത്തുന്നതിനുവേണ്ടി <u>സ്കൂൾ അടിസ്ഥാനത്തിൽതന്നെ</u> ഒന്നുമുതൽ നാലുവരെ ക്ലാസുകളിൽ 1:30 അനുപാതവും അഞ്ചുമുതൽ പത്തുവരെ ക്ലാസുകളിൽ 1:35 അനുപാതവും ഉപയോഗിക്കേണ്ടതാണ്. (1:30 അനുപാതം അനുവദിക്കുമ്പോൾ രണ്ടാമത്തെ ഡിവിഷൻ 36–ന്, മൂന്നാമത്തേത് 66–ന് എന്ന ക്രമത്തിലും, 1:35 അനുപാതത്തിൽ രണ്ടാമത്തേത് 41–ന്, മൂന്നാമത്തേത് 76–ന് എന്ന ക്രമത്തിലുമാണ് ക്രമീകരിക്കേണ്ടത്). ഇങ്ങനെ അധികമുള്ള അധ്യാപകരെ നിലനിർത്തിയതിനുശേഷവും 1:30/1:35 അനുപാതത്തിൽ ഡിവിഷനുള്ള സാധ്യതയുണ്ടെങ്കിൽ പ്രസ്തുത മാനേജ്മെന്റിൽ നിന്നുള്ള പ്രൊട്ടക്ടഡ് അധ്യാപകരെയും ക്ലസ്റ്റർ കോ–ഓർഡിനേറ്റർമാരായും മറ്റും ജോലി നോക്കുന്ന റിട്രെഞ്ച്ഡ് അധ്യാപകരെയും സീനിയോറിറ്റി ക്രമത്തിൽ തിരികെ വിളിച്ച് ഒഴിവ് നികത്തേണ്ടതാണ്.

കോർപ്പറേറ്റ് മാനേജ്മെന്റ് സ്കൂളുകളിൽ 1:30/1:35 അനുപാതത്തിലോ, ഹെഡ് ടീച്ചറെ ക്ലാസ് ചാർജിൽനിന്ന് ഒഴിവാക്കിയോ സൃഷ്ടിക്കുന്ന അധിക തസ്തികകളിൽ ഈ വർഷം പ്രസ്തുത മാനേജ്മെന്റിൽ തസ്തിക നഷ്ടമാകുന്ന സീനിയർ അധ്യാപകരെത്തന്നെ ക്രമീകരിക്കേണ്ടത് കോർപ്പറേറ്റ് മാനേജരുടെ ഉത്തരവാദിത്തമാണ്. ഒരേ മാനേജ്മെന്റിനു കീഴിലുള്ള സീനിയർ അധ്യാപകർ പുറത്താവുകയും ജൂനിയർ അധ്യാപകർ പുതുക്കിയ അനുപാതത്തിൽ സർവീസിൽ നിലനിർത്തപ്പെടുകയും ചെയ്യുന്ന അവസ്ഥ ഉണ്ടാകുവാൻ പാടില്ല. 1:30/1:35 അനുപാതത്തിലുള്ള തസ്തികകളിൽ നിലനിർത്തിയിരിക്കുന്നത് മാനേജ്മെന്റിലെ തസ്തിക നഷ്ടപ്പെട്ട അധ്യാപകരിൽ സീനിയറിനെത്തന്നെയാണെന്നും അവരേക്കാൾ സീനിയറായ ആരും തസ്തിക നഷ്ടമായി പുറത്തുനിൽക്കുന്നില്ലെന്നുമുള്ള ഒരു സത്യവാങ്മൂലം

ബന്ധപ്പെട്ട കോർപ്പറേറ്റ് മാനേജർമാരിൽ നിന്നു വാങ്ങിയതിനുശേഷം മാത്രമേ ഇപ്രകാരം ക്രമീകരിക്കപ്പെടുന്ന അധ്യാപകരുടെ തുടർന്നുള്ള ശമ്പളം നൽകാവൂ.

4. സർക്കാർ സ്കൂളുകളിൽ 1:45 അനുപാതത്തിൽ തസ്തിക നിർണയം നടത്തുമ്പോൾ തസ്തിക നഷ്ടമാകുന്ന അധ്യാപകരെയും സ്കൂൾ അടിസ്ഥാനത്തിൽ തന്നെ 1:30/1:35 അനുപാതത്തിന്റെ ആനുകൂല്യം നൽകി സംരക്ഷിക്കണം. ഇപ്രകാരം ചെയ്യുമ്പോൾ, ഒരു വിദ്യാഭ്യാസ ജില്ലയിൽ/ഉപജില്ലയിൽ തസ്തിക നഷ്ടമാകുന്ന സ്കൂളുകളിൽ അനുപാതം കുറച്ച് അധ്യാപകരെ സംരക്ഷിക്കുവാൻ കഴിയുന്നില്ലെങ്കിൽ പ്രസ്തുത ജില്ലയിലെ/ഉപജില്ലയിലെ തന്നെ കുട്ടികൾ കൂടുതലുള്ള മറ്റ് സർക്കാർ സ്കൂളുകളിൽകൂടി 1:30/1:35 അനുപാതത്തിൽ ആവശ്യമുള്ള തസ്തികകൾ സൃഷ്ടിച്ച് അധികമുള്ള അധ്യാപകരെ നിലനിർത്തണം. (1:45 അനുപാതത്തിൽ അധിക തസ്തികയ്ക്ക് അർഹതയുള്ള സ്കൂളുകളെ ഇതിനായി തിരഞ്ഞെടുക്കരുത്). ഇപ്രകാരം ഒരു വിദ്യാഭ്യാസ ജില്ലയിൽ/ഉപജില്ലയിൽ തസ്തിക നഷ്ടമാകുന്ന അധ്യാപകരെ മുഴുവൻ പ്രസ്തുത ജില്ലയിൽ/ഉപജില്ലയിൽ തന്നെ നിലനിർത്താൻ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ശ്രദ്ധിക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ഇതിനു കഴിയുന്നില്ലെങ്കിൽ തസ്തിക നഷ്ടമാകുന്നവരുടെ വിശദാംശങ്ങൾ 20.07.2014 നുമുമ്പ് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നൽകേണ്ടതും അവർ സമീപ വിദ്യാഭ്യാസ ജില്ലയിലെ/ഉപജില്ലയിലെ കുട്ടികൾ കൂടുതലുള്ള സ്കൂളുകളിൽ ഇത്തരം അധ്യാപകരെ നിലനിർത്താൻ വേണ്ടിയുള്ള തസ്തികകൾ സൃഷ്ടിക്കാൻ കഴിയുമോ എന്ന് പരിശോധിച്ച് അതിനാവശ്യമായ നിർദേശങ്ങൾ ബന്ധപ്പെട്ട എ.ഇ.ഒ/ഡി.ഇ.ഒ മാർക്ക് നൽകേണ്ടതുമാണ്. 31.07.2014നു മുമ്പ് ഈ പ്രവർത്തനവും അവസാനിപ്പിച്ച് അത്തരം അധ്യാപകരെ തസ്തിക സൃഷ്ടിച്ച സ്കൂളുകളിലേക്ക് മാറ്റി നിയമിക്കേണ്ടതാണ്.

സ്കൂളിലെ അക്കോമഡേഷൻ സൗകര്യം കൂടി കണക്കിലെടുത്തു വേണം 1:30/1:35 അനുപാതത്തിൽ അധിക തസ്തികകൾ അനുവദിക്കേണ്ടത്.

എൽ.പി വിഭാഗമുള്ള യു.പി സ്കൂളിൽ യു.പി വിഭാഗത്തിൽ ഒരു തസ്തിക കുറയുകയും അവിടെ 1:35 അനുപാതത്തിന് സാധ്യത ഇല്ലാതെ വരികയും ചെയ്ത് അധ്യാപകൻ പുറത്താകുന്ന ഘട്ടംവന്നാൽ എൽ.പി വിഭാഗത്തിൽ 1:30 അനുപാതത്തിൽ അധിക തസ്തികയ്ക്ക് അർഹതയുണ്ടെങ്കിൽ പ്രസ്തുത അധ്യാപകനെ എൽ.പി വിഭാഗത്തിൽ നിലനിർത്തേണ്ടതാണ്. ഇതിന് വിദ്യാഭ്യാസ യോഗ്യത (ബി.എഡ്/ടി.ടി.സി) കണക്കിലെടുക്കേണ്ടതില്ല.

5. നിയമനാംഗീകാരമുള്ള ഭാഷാധ്യാപകരെ നിലനിർത്തുന്നതിനും 1:30/1:35 അനുപാതത്തിന്റെ ആനുകൂല്യം ഉപയോഗിക്കേണ്ടതാണ്. ഓപ്ഷണൽ ഭാഷാധ്യാപക തസ്തികകൾ നിലനിർത്തുന്നതിനുള്ള നിശ്ചിത മിനിമം സ്ട്രെങ്ക്തിൽ മാറ്റം വരുത്തിയിട്ടില്ല.

തയ്യൽടീച്ചറുടെ തസ്തിക നിലനിർത്തുന്നതിന് ആവശ്യമായ

പെൺകുട്ടികളുടെ എണ്ണത്തിലോ (200), യു.പി സെക്ഷനിൽ സ്പെഷ്യലിസ്റ്റ് അധ്യാപക തസ്തിക അനുവദിക്കുന്നതിനാവശ്യമായ കുട്ടികളുടെ എണ്ണത്തിലോ (500) മാറ്റമില്ല.

അധ്യാപകേതര ജീവനക്കാരുടെ തസ്തിക നിർണയിക്കുന്നതിനാവശ്യമായ കുട്ടികളുടെ എണ്ണത്തിലും (699/700/1499/1500) മാറ്റമൊന്നും വന്നിട്ടില്ല.

സ്പെഷ്യൽ സ്കൂളുകളിലെ തസ്തിക നിർണയം സംബന്ധിച്ച നിലവിലുള്ള അനുപാതത്തിന് മാറ്റങ്ങളൊന്നുമില്ല.

6. അവധി ഒഴിവുകളിൽ ജോലിനോക്കുന്ന അധ്യാപകരെ 1:30/1:35 അനുപാതത്തിൽ നിലനിർത്താവുന്നതല്ല. മാത്രമല്ല, പുതുക്കിയ അനുപാതത്തിൽ നിലനിർത്തിയിട്ടുള്ള അധ്യാപകരുടെ പിന്നീടുള്ള അവധി ഒഴിവുകൾ നികത്താനും പാടില്ല. അനുപാതം ഇപ്രകാരം കുറയ്ക്കുന്നതിലൂടെ മറ്റ് അധിക തസ്തികകൾ സൃഷ്ടിക്കുകയോ പുതിയ നിയമനങ്ങൾ നടത്താനുള്ള സാഹചര്യം ഒരുക്കുകയോ ചെയ്യരുത്.

7. താഴെപ്പറയുംപ്രകാരം വിദ്യാർഥികളുടെ എണ്ണമുള്ള ഗവൺമെന്റ് സ്കൂളുകളിലെ പ്രഥമാധ്യാപകരെയാണ് ക്ലാസ്ചാർജിൽനിന്നു ഒഴിവാക്കാനും തന്മൂലമുണ്ടാകുന്ന ഒഴിവ് നികത്താനും അനുവദിച്ചിട്ടുള്ളത്.

(1). 1 മുതൽ 4 വരെ ക്ലാസുകൾ ഉള്ള എൽ.പി സ്കൂൾ – 150 ൽ അധികം കുട്ടികൾ

(2). 5 മുതൽ 7 വരെ ക്ലാസുകൾ ഉള്ള യു.പി. സ്കൂൾ – 100 ൽ അധികം കുട്ടികൾ

(3). 1 മുതൽ 7 വരെ ക്ലാസുകൾ ഉള്ള യു.പി സ്കൂൾ – 250 ൽ അധികം കുട്ടികൾ

I മുതൽ V വരെ ക്ലാസുകൾ ഉള്ള എൽ.പി സ്കൂളുകളിലെ ഹെഡ് ടീച്ചറെ ക്ലാസ് ചാർജിൽ നിന്ന് ഒഴിവാക്കുന്നതിന് സ്കൂളിൽ എത്ര കുട്ടികൾ വേണമെന്ന് സൂചന 2 ലെ സർക്കാർ ഉത്തരവിൽ നിർദേശമില്ല. ഇത്തരം വിദ്യാലയങ്ങളെ എൽ.പി സ്കൂളുകളായാണ് പരിഗണിക്കുന്നത് എന്നതിനാൽ അവിടെ I മുതൽ IV വരെ ക്ലാസുകളിൽ 150 കുട്ടികളിൽ കൂടുതൽ ഉണ്ടെങ്കിൽ ഹെഡ് ടീച്ചറെ ക്ലാസ് ചാർജിൽനിന്ന് ഒഴിവാക്കാവുന്നതാണ്.

ഹെഡ്ടീച്ചറെ ക്ലാസ് ചാർജിൽനിന്ന് ഒഴിവാക്കുന്നതിനും ആധാരമാക്കേണ്ടത് ആറാം സാധ്യായദിനത്തിലെ യു.ഐ.ഡി/ഇ.ഐ.ഡി/ഡിക്ലറേഷൻ സ്ട്രെങ്ക്ത് തന്നെയാണ്. ഗവ. സ്കൂളുകളിലെ ഹെഡ് ടീച്ചറെ ക്ലാസ് ചാർജിൽ നിന്നു മാറ്റുന്ന ഒഴിവിൽ മറ്റു ഗവ. സ്കൂളുകളിൽ 2014–15 വർഷത്തെ തസ്തിക നിർണയം മൂലം തസ്തിക നഷ്ടമായ അധ്യാപകനെ മാറ്റി നിയമിക്കേണ്ടതാണ്. ജില്ല/ഉപജില്ലകളിൽനിന്നും വിവരങ്ങൾ ശേഖരിച്ച് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ സീനിയോറിറ്റി അടിസ്ഥാനത്തിൽ ഈ ക്രമീകരണം 31.07.2014 നകം പൂർത്തിയാക്കണം. ഇപ്രകാരം തസ്തിക

നഷ്ടമാകുന്ന അധ്യാപകർ ഇല്ലെങ്കിൽ പ്രസ്തുത ഒഴിവ് ദിവസവേതനാടിസ്ഥാനത്തിൽ നികത്താം. ഇത്തരം ഒഴിവുകളിൽ പുതിയ നിയമനം നടത്താൻ പാടുള്ളതല്ല.

8. മേൽഖണ്ഡിക 3 ൽ പറയുന്ന ക്രമീകരണങ്ങൾ നടത്തിയതിനുശേഷവും നിയമനാംഗീകാരമുള്ള അധ്യാപകർ അധികമായി നിൽക്കുന്ന എയ്ഡഡ് സ്കൂളുകളിൽ, അവിടങ്ങളിൽ നിയമനാംഗീകാരമുള്ള ഹെഡ്മാസ്റ്ററും ഖണ്ഡിക 7 (1) മുതൽ 7 (3) വരെ പറയുന്ന തരത്തിൽ കുട്ടികളും ഉണ്ടെങ്കിൽ, പ്രസ്തുത ഹെഡ്ടീച്ചറെ ക്ലാസ് ചാർജിൽ നിന്ന് ഒഴിവാക്കാവുന്നതും തന്മൂലമുണ്ടാകുന്ന ഒഴിവിൽ അധികമായി നിൽക്കുന്ന അധ്യാപകരിലെ സീനിയറിനെ ക്രമീകരിക്കേണ്ടതുമാണ്. തസ്തിക നഷ്ടമാകുന്ന കോർപ്പറേറ്റ് മാനേജ്മെന്റ് സ്കൂളുകളിലും ആവശ്യമെങ്കിൽ ഇപ്രകാരം ഹെഡ്ടീച്ചറെ ക്ലാസ് ചാർജിൽനിന്ന് ഒഴിവാക്കാം. പക്ഷേ ഈ ഒഴിവിൽ പ്രസ്തുത മാനേജുമെന്റിലെ തസ്തിക നഷ്ടപ്പെട്ട സീനിയർ ടീച്ചറെയാണ് മാനേജർ ക്രമീകരിക്കേണ്ടത്. ഇതല്ലാതെ മറ്റു എയ്ഡഡ് സ്കൂളുകളിൽ ഹെഡ്ടീച്ചറെ ക്ലാസ് ചാർജിൽനിന്നു ഒഴിവാക്കാനോ പ്രസ്തുത ഒഴിവിൽ പുതിയ നിയമനം നടത്താനോ പാടില്ല.

9. എയ്ഡഡ് സ്കൂളുകളിൽ മേൽപ്പറഞ്ഞ ക്രമീകരണങ്ങളെല്ലാം നടത്തി തസ്തിക നിർണയം പൂർത്തിയാക്കിയതിനുശേഷവും അവിടെ നിയമനാംഗീകാരമുള്ള അധ്യാപകർ അധികമായി തുടരുന്നുവെങ്കിൽ പ്രസ്തുത അധ്യാപകരെ ചേർത്ത് അധ്യാപക ബാങ്ക് രൂപവത്കരിക്കും. അധ്യാപക ബാങ്കിന്റെ ഘടനയും പ്രവർത്തനവും സംബന്ധിച്ച വിശദാംശങ്ങൾ സർക്കാർ പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്. അധ്യാപക ബാങ്ക് രൂപവത്കരിക്കപ്പെട്ടാൽ തുടർന്ന് സ്കൂളുകളിലെ അവധി ഒഴിവിലെ നിയമനങ്ങളെല്ലാം അധ്യാപക ബാങ്കിൽനിന്നുള്ള അധ്യാപകരെ ഉപയോഗിച്ചുമാത്രമേ നികത്താവൂ.

10. 2014–15 വർഷം 1:45 അനുപാതത്തിൽ അർഹതയുള്ള അധിക തസ്തികകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ നടത്തുന്ന യു.ഐ.ഡി/ഇ.ഐ.ഡി പരിശോധനാ റിപ്പോർട്ട് ലഭിച്ചതിനുശേഷം മാത്രമേ അനുവദിക്കാവൂ. ഇതിനായി അധിക തസ്തികകൾക്ക് അർഹതയുള്ള വിദ്യാലയങ്ങളുടെ പേരുവിവരം ഡെപ്യൂട്ടി ഡയറക്ടർമാർ ക്രോഡീകരിച്ച് (എയ്ഡഡ്, ഗവൺമെന്റ് തിരിച്ച്) 25.07.2014 നുമുമ്പ്, ബന്ധപ്പെട്ട സ്കൂളുകളുടെ തസ്തിക നിർണയ ഉത്തരവിന്റെ പകർപ്പ് സഹിതം ഡയറക്ടറേറ്റിൽ എത്തിക്കേണ്ടതാണ്. അധിക തസ്തികകൾക്ക് അർഹതയുള്ള സ്കൂളുകളുടെയും തസ്തിക നിർണയ ഉത്തരവുകൾ അധിക തസ്തികകൾ ഉൾപ്പെടുത്താതെ എ.ഇ.ഒ./ഡി.ഇ.ഒ. മാർ 15–07–2014 നകം തന്നെ പ്രസിദ്ധീകരിക്കേണ്ടതാണ്.

11. 2010–11 ൽ 1:40 അനുപാതത്തിൽ നിലനിന്ന ഒരു തസ്തിക 2014–15 ൽ 1:45 അനുപാതത്തിലേക്ക് മാറിയാൽ പ്രസ്തുത തസ്തികയിൽ നിയമനാംഗീകാരമുള്ള അധ്യാപകനാണ് തുടരുന്നതെങ്കിൽ ആ തസ്തിക റഗുലർ തസ്തികയായി പരിഗണിക്കേണ്ടതാണ്. എന്നാൽ 2014–15 ൽ പ്രസ്തുത തസ്തികയിൽ പുതിയ നിയമനം ആവശ്യമെങ്കിൽ അത് അധിക തസ്തികയായി പരിഗണിച്ച്

വിവരം യു.ഐ.ഡി/ഇ.ഐ.ഡി പരിശോധനയ്ക്കായി ഡയറക്ടറേറ്റിൽ അറിയിക്കേണ്ടതാണ്.

12. 1:35 അനുപാതത്തിൽ അധ്യാപകരെ നിലനിർത്തിയിട്ടുള്ള ഹൈസ്കൂളുകളിൽ വിഷയാനുപാതം പാലിക്കുമ്പോൾ ഏതെങ്കിലും തസ്തികയിൽ ഒഴിവ് വരികയാണെങ്കിൽ പ്രസ്തുത ഒഴിവ് അധ്യാപക ബാങ്കിൽനിന്നു മാത്രമേ നികത്താവൂ.

13. ഭാഷാധ്യാപകർക്ക് 'ഫുൾടൈം ബെനഫിറ്റ്' നൽകിയാൽ അവരെ അവരുടെ സേവനം ആവശ്യമുള്ള സമീപ സ്കൂളുകളുമായി ക്ലബ് ചെയ്യേണ്ടതാണ്.

14. തസ്തിക നിർണയ ഉത്തരവിൽ താഴെപ്പറയുന്ന വിവരങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തണം (റിമാർക്സ് ആയി).

    (i). 1:30/1:35 അനുപാതത്തിൽ നിലനിർത്തുന്ന അധ്യാപകരുടെ വിശദാംശങ്ങൾ (പേര്,തസ്തിക, സ്ഥിരനിയമനത്തീയതി മുതലായവ)

    (ii). സ്കൂളിൽനിന്നു പുനർവിന്യസിക്കപ്പെട്ട അധ്യാപകരിൽ 1:30/1:35 അനുപാതം ഉപയോഗിച്ച് തിരികെ വിളിക്കപ്പെടുന്നവരുടെ വിവരങ്ങൾ (പേര്,തസ്തിക, സ്ഥിരനിയമനത്തീയതി, ഇപ്പോൾ ജോലി നോക്കുന്ന സ്ഥാപനം മുതലായവ)

    (iii). തിരികെ വിളിക്കപ്പെടാതെ തുടരുന്ന പ്രൊട്ടക്ടഡ്/റിട്രെഞ്ച്ഡ് അധ്യാപകരുടെ വിവരങ്ങൾ (പേര്, തസ്തിക, സ്ഥിരനിയമനത്തീയതി മുതലായവ)

    (iv). ഫുൾടൈം ബെനഫിറ്റ് നൽകി ക്ലബ് ചെയ്യപ്പെട്ട ഭാഷാധ്യാപകരുടെ വിശദാംശങ്ങൾ (പേര്,തസ്തിക, സ്ഥിരനിയമനത്തീയതി ഫുൾടൈം ബനഫിറ്റ് ആരംഭിച്ച തീയതി, ക്ലബ്ബ് ചെയ്യപ്പെട്ട സ്കൂളും ദിനങ്ങളും മുതലായവ)

    (v). പൂൾ ചെയ്യപ്പെട്ട സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ വിശദാംശങ്ങൾ (പേര്, തസ്തിക, സ്ഥിരനിയമനത്തീയതി പൂൾ ചെയ്യപ്പെട്ട സ്കൂളുകളും ദിനങ്ങളും മുതലായവ)

    (vi). ഹെഡ് ടീച്ചറെ ക്ലാസ് ചാർജിൽനിന്ന് ഒഴിവാക്കി പകരം അധ്യാപകരെ നിയമിക്കുന്നുണ്ടെങ്കിൽ ആയതു സംബന്ധിച്ച വിവരങ്ങൾ (പേര്, തസ്തിക, സ്ഥിരനിയമനത്തീയതി മുതലായവ)

15. തസ്തിക നിർണയത്തിന് കണക്കിലെടുക്കുന്ന കുട്ടികളുടെ എണ്ണത്തിലോ, യു.ഐ.ഡി/ഇ.ഐ.ഡി രേഖകളിലോ കൃത്രിമങ്ങൾ നടന്നിട്ടുള്ളതായി പിൽക്കാലത്ത് കണ്ടെത്തിയാൽ അതുമൂലം സർക്കാർ ഖജനാവിനുണ്ടാകുന്ന സാമ്പ

ത്തിക നഷ്ടത്തിന്റെ പരിപൂർണ ഉത്തരവാദിത്തം ബന്ധപ്പെട്ട പ്രഥമാധ്യാപ
കനും ക്ലാസ് ടീച്ചറിനുമായിരിക്കും. മാത്രമല്ല ഇവരുടെയും അർഹതയില്ലാത്ത
തസ്തികയിൽ നിയമനം നടത്തിയിട്ടുണ്ടെങ്കിൽ മാനേജരുടെയും പേരിൽ
കർശനമായ അച്ചടക്ക നടപടികളും സ്വീകരിക്കുന്നതായിരിക്കും.

16. തസ്തിക നിർണയ ഫയലുകളുടെ പരിശോധന ജില്ലാ വിദ്യാഭ്യാസ
ഓഫീസർമാരും വിദ്യാഭ്യാസ ഉപഡയറക്ടർമാരും 2014 ആഗസ്റ്റ്
മാസത്തിൽതന്നെ പൂർത്തിയാക്കേണ്ടതാണ്.

അതീവ ശ്രദ്ധയോടെ, പിഴവുകളില്ലാതെ തന്നെ യഥാസമയം തസ്തിക
നിർണയ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതിന് വിദ്യാഭ്യാസ ഓഫീസർമാർ
ഇപ്പോൾ പ്രഥമപരിഗണന നൽകണം. 'സമ്പൂർണ' യിൽ നിന്നുള്ള പ്രിന്റൗട്ടുകൾക്കു
കാത്തിരിക്കാതെ 6th working day statement (മാന്വൽ കോപ്പി) ഉപയോഗിച്ച് തസ്തി
കകൾ കണക്കാക്കുക. പ്രിന്റൗട്ടുകൾ ലഭിക്കുന്ന മുറയ്ക്ക്, അവകൂടി പരിശോധിച്ചു
വേണം അന്തിമ ഉത്തരവ് പുറപ്പെടുവിക്കേണ്ടത്.

നിയമ പ്രകാരം അനുവദിക്കാൻ കഴിയുന്ന തസ്തികകളെല്ലാം എ.ഇ.ഒ./
ഡി.ഇ.ഒ. മാർ തന്നെ അനുവദിക്കണം. തസ്തിക നിർണയം കഴിഞ്ഞ് അപ്പീലുകളുടെ
ഘോഷയാത്ര ഉണ്ടാകുന്ന സ്ഥിതിവിശേഷം സംജാതമാക്കരുത്. എ.ഇ.ഒ./ഡി.ഇ.ഒ.
മാർ അനുവദിക്കാത്ത തസ്തിക ഒരു തലത്തിലുള്ള അപ്പീൽ വഴിയും അനുവദിക്ക
പ്പെടാത്ത തരത്തിൽ കുറ്റമറ്റതും പൂർണവുമാകണം 2014–15–ലെ തസ്തിക നിർണയ
ഉത്തരവുകൾ.

**കെ. ഗോപാലകൃഷ്ണ ഭട്ട് ഐ.എ.എസ്**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താക്കൾ :

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ പ്രഥമാധ്യാപകർക്കും (എ.ഇ.ഒ/ഡി.ഇ.ഒ മുഖാന്തിരം)
5. എല്ലാ സ്കൂൾ മാനേജർമാർക്കും (എ.ഇ.ഒ/ഡി.ഇ.ഒ മുഖാന്തിരം)

പകർപ്പ് :

1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പെഴ്സണൽ അസിസ്റ്റന്റ്
2. പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർമാരുടെ സി.എ–മാർക്ക്
3. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ പ്രോജക്ട്
   *(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)*
4. പൊതുവിദ്യാഭ്യാസ ജോയിന്റ് ഡയറക്ടറുടെ സി.എ
5. ഡയറക്ടറേറ്റിലെ ഇ.റ്റി, ഇ.എം, ഇ.സി, എഫ്, ജി, ആർ.എ,
   എസ്.സി സെക്ഷൻ സൂപ്രണ്ടുമാർക്കും, യൂണിറ്റ് ഓഫീസർമാർക്കും.
6. സൂപ്പർചെക്ക് സെൽ ആഫീസർ
7. കരുതൽ ഫയൽ